# നാനോ സയൻസിനെക്കുറിച്ചു ദേശീയ ശിൽപശാല തുടങ്ങി

അമൃതപുരി: അമൃത വിശ്വ വിദ്യാപീഠം അമൃതപുരി ക്യാംപസിലെ മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നാനോ സയൻസിനെക്കുറിച്ചു ദേശീയ ശിൽപശാല തുടങ്ങി. 18നു സമാപിക്കും.

അമൃത വിദ്യാപീഠം യുജിപി കമ്മിറ്റി ചെയർമാൻ ഡോ. വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ. കെ. ബി. എം. നമ്പൂതിരി ആധ്യക്ഷ്യം വഹിച്ചു. ക്യാംപസ് പ്രിൻസിപ്പൽ ' ഡോ. ശങ്കരൻ, ഡോ. ഗണേഷ് ഉദുപ്പ, ഡോ. ജുഡൻ വാസി, ഡോ. ബിപിൻ നായർ എന്നിവർ പ്രസംഗിച്ചു.

വിദഗ്ധരുടെ ക്ലാസുകൾക്കു പുറമെ അമൃത സെന്റർ ഫോർ നാനോ സയൻസിലെയും കൊച്ചിൻ യുണിവേഴ്സിറ്റിയിലെയും നാനോ ലാബ് സന്ദർശനം, സാങ്കേതിക ഉപകരണങ്ങളുടെ പരിചയപ്പെടൽ തുടങ്ങിയവയും ശിൽപശാലയുടെ ഭാഗമായി നടക്കും.

ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ സ്റ്റാഫ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായാണു ശിൽപശാല. ഗുജറാത്ത്, ജാർഖണ്ഡ്, കർണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.